# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3645 30.01.2014-ൽ മറുപടിയ്ക്ക്

**ആലപ്പുഴയിൽ സ.പി.കൃഷ്ണപിള്ള സ്മാരകം ആക്രമിക്കപ്പെട്ട സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴയിൽ സ.പി.കൃഷ്ണപിള്ള സ്മാരകം ആക്രമിക്കപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിന്റെ അന്വേഷണ ചുമതല ആർക്കാണ്; അന്വേഷണത്തിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത ക്രൈം കേസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും ടി വിഭാഗത്തിലെ പോലീസ് സൂപ്രണ്ട് ശ്രീ. പി.എൻ. ഉണ്ണിരാജൻ ഐ.പി.എസ് ( സ്റ്റാറ്റ്സ്, സി. ബി. സി.ഐ.ഡി, തിരുവനന്തപുരം) അന്വേഷണം നടത്തി വരികയുമാണ്. അന്വേഷണത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) എത്രയുംപെട്ടെന്ന് പ്രതികളെ പിടികൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) & (ഡി) നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലേക്ക് വേണ്ടിയുള്ള തെളിവുകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ക്രൈംബ്രാഞ്ച് വിഭാഗം ടി കേസ് ഊർജ്ജിതമായി അന്വേഷിച്ച് വരുന്നു. |
| (ഡി) പ്രതികളെ പിടികൂടുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ; | |

സെക്ഷൻ ഓഫീസർ